**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 385** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>വാഹനങ്ങൾ ഇല്ലാത്ത ജയിലുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** കേരളത്തിൽ നാലുചക്ര വാഹനങ്ങൾ ഇല്ലാത്ത എത്ര ജയിലുകളുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ ആകെയുള്ള 58 ജയിലുകളിൽ 15 ജയിലുകളിൽ നിലവിൽ നാലുചക്ര വാഹനങ്ങൾ ഇല്ല. നാലുചക്ര വാഹനങ്ങളില്ലാത്ത ജയിലുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

1. വിമെൻ ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം, തിരുവനന്തപുരം

2. ബോർസ്റ്റൽ സ്കൂൾ, എറണാകുളം

3. ജില്ലാ ജയിൽ, പത്തനംതിട്ട

4. ജില്ലാ ജയിൽ, കോട്ടയം

5. സ്പെഷ്യൽ സബ് ജയിൽ, പൊൻകുന്നം

6. സ്പെഷ്യൽ സബ് ജയിൽ, കോഴിക്കോട്

7. സബ് ജയിൽ, ആലപ്പുഴ

8. സബ് ജയിൽ, കൊയിലാണ്ടി

9. സബ് ജയിൽ, തിരൂർ

10. സബ് ജയിൽ, ആലത്തൂർ

11. സബ് ജയിൽ, ഒറ്റപ്പാലം

12. സബ് ജയിൽ, പൊന്നാനി

13. സബ് ജയിൽ, എറണാകുളം

14. സബ് ജയിൽ, ചാവക്കാട്

15. സബ് ജയിൽ, വിയ്യൂർ.

**(ബി)** വാഹനങ്ങൾ ഇല്ലാത്ത ജയിലുകളിലേക്ക് വാഹനം വാങ്ങുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**മറുപടി:** ജയിൽ വകുപ്പിൽ നിന്നും 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള 64 വാഹനങ്ങൾ MSTC പോർട്ടൽ മുഖേന കണ്ടം ചെയ്തിട്ടുള്ളതാണ്. പ്രസ്തുത വാഹനങ്ങൾക്ക് പകരമായി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 14 പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. ശേഷിക്കുന്ന വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വകയിരുത്തലിൽ നിന്നും തുക വിനിയോഗിച്ച് വാങ്ങുന്നതിനുള്ള നടപടികൾ വകുപ്പ്തലത്തിൽ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**